(സി) രോഗപ്രതിരോധവൽക്കരണത്തിന് ഗ്ലാസ് സിറിഞ്ചുകൾ വാങ്ങണമെന്ന് യൂണിസെഫ് എന്തെങ്കിലും നിർദ്ദേശം നൽകിയതായി അറിവുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഗ്ലാസ് സിറിഞ്ചുകൾ വാങ്ങാൻ യൂണിസെഫ് പ്രത്യേക ഫണ്ട് ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ)-(ഇ) സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് സർക്കാർ ആശുപത്രികളിൽ സിറിഞ്ചുകൾ അടക്കമുള്ള ഉപകരണങ്ങൾ വാങ്ങുന്നത്. ഇവയുടെ ഗുണനിലവാരം സി.പി.സി.യുടെ നിയന്ത്രണത്തിലുള്ള ഒരു ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുന്നുണ്ട്. കൂടാതെ സിറിഞ്ചുകളുടെ ഗുണനിലവാരം പരിശോധിക്കാൻ തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ സംവിധാനം നിലവിലുണ്ട്. യൂണിസെഫിന്റെ പ്രത്യേക നിർദ്ദേശമൊന്നും ഇക്കാര്യത്തിലില്ല. ഗ്ലാസ് സിറിഞ്ചും സൂചിയും യൂണിസെഫ് വഴി ലഭിക്കുന്നുണ്ട്. അത് ഉപയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

19 (*169) പൊതുസ്ഥലങ്ങളിലെ പുകവലി നിരോധനം

ശ്രീമതി ശോഭനാ ജോർജ്ജ് :
ശ്രീ. എം. മുരളി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുസ്ഥലങ്ങളിൽ പുകവലി നിരോധിച്ചുകൊണ്ട് എന്തെങ്കിലും നിയമമോ ഉത്തരവുകളോ നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതു പാലിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇപ്രകാരം നിരോധനം നിലവിലില്ലാത്ത പക്ഷം ഇതിനുവേണ്ടി നിയമം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) സംസ്ഥാനത്തുള്ള ദേവാലയപരിസരങ്ങളിൽ സിഗറ്റ്, ബീഡി, ചുരുട്ട് മുതലായ പുകവലി സാധനങ്ങളുടെ വിൽപ്പന നിയമംമൂലം നിരോധിക്കുമോ എന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ)-(സി) പൊതു നിയമം ഇല്ല. എന്നാൽ പൊതുഭരണ(മിസ) വകുപ്പിന്റെ 11.7.'95-ലെ ജി.ഒ. (പി) 239/95/ജി. എ.ഡി. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ ആഫീസുകളിലും സ്വകാര്യ കോളേജുകൾ, സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പുകവലി നിരോധിച്ചിട്ടുണ്ട്. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 2.6.95 ലെ ജി.ഒ. (എം.എസ്) 284/95/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ, ആശുപത്രികൾ, ഡിസ്പെൻസറികൾ തുടങ്ങിയ എല്ലാ സ്ഥാപനങ്ങളിലും അവയുടെ പരിസരപ്രദേശങ്ങളിലും പുകവലി നിരോധിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പൊതുഭരണ വകുപ്പിന്റെ 15.7.'97 ലെ സർക്കുലർ നമ്പർ :44942/എം. 3/97/പൊ.ഭ.വ. പ്രകാരം പുകവലി നിരോധിച്ചു കൊണ്ടുള്ള സർക്കാരിന്റെ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണെന്നും ഈ നിർദ്ദേശം പാലിക്കാത്തവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉത്തരവ് നൽകിയിട്ടുണ്ട്. പൊതുഭരണവകുപ്പിന്റെ 11.6.'98-ലെ സർക്കുലർ നമ്പർ 34560/എം. 3/98/പൊ.ഭ.വ പ്രകാരം പുകവലി നിരോധനത്തിന് സർക്കാർ തലത്തിൽ ഉള്ളതു പോലെ നടപടികൾ സ്വീകരിക്കുവാൻ പൊതുമേഖലാസ്ഥാപനമേധാവികൾക്കും ഫാക്ടറി ഉടമകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

20 (*170) പ്രവാസി സുരക്ഷാസെൽ

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികളുടെ ക്ഷേമകാര്യങ്ങൾക്ക് വേണ്ടിയുള്ള വകുപ്പു പ്രവാസികൾക്കായി എന്തെല്ലാം കാര്യങ്ങളാണ് ഇതുവരെ ചെയ്തിട്ടുള്ളത്;

(ബി) ഇനി എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) 1996 നവംബറിൽ യു.എ.ഇ. യിൽ അനധികൃത കുടിയേറ്റക്കാർക്ക് പൊതുമാപ്പ് പ്രഖ്യാപിച്ചതിനെത്തുടർന്ന് കേരളീയരെ നാട്ടിലെത്തിക്കാനായി വകുപ്പിന്റെ ശ്രമഫലമായി കൂടുതൽ കപ്പൽ-വിമാന സർവ്വീസുകൾ ഏർപ്പെടുത്തി. കൂടാതെ ഇവർക്ക് നിയമാനുസൃതം തിരിച്ചുപോകാനായി യാത്രാരേഖകൾ തയ്യാറാക്കുന്നതിന് സംസ്ഥാനത്തെ മൂന്ന് പാസ്പോർട്ട് ഓഫീസുകളിലും സ്പെഷ്യൽ കൗണ്ടറുകൾ തുറക്കുന്നതിനും എയർഇന്ത്യ വഴി സൗജന്യ നിരക്കിൽ യു.എ.ഇ.യിലേക്ക് കൊണ്ടുപോകുന്നതിനും ഏർപ്പാടു ചെയ്തു.

സൗദി അറേബ്യയിൽ നിന്ന് 1997 നവംബറിൽ പൊതുമാപ്പിൽ തിരിച്ചെത്തിയ കേരളീയർക്ക് മുംബൈയ് വിമാനത്താവളം, തുറമുഖം, റയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ സഹായം എത്തിച്ചതിന് പുറമേ മുംബൈയിൽ നിന്ന് കേരളത്തിലേക്ക് ഒരു സ്പെഷ്യൽ ട്രെയിൻ സർക്കാർ ചെലവിൽ ഏർപ്പെടുത്തി. മുംബൈയിൽ ഇവരുടെ താമസം, ഭക്ഷണം എന്നിവയ്ക്കും നാട്ടിലേക്കുള്ള യാത്രയ്ക്കും 'നോർക്ക' ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ആറംഗ ഉദ്യോഗസ്ഥ സംഘം മുംബൈയിൽ ക്യാംപ് ചെയ്ത് മേൽനോട്ടം വഹിച്ചു.

റിയാദിലെ ഇന്ത്യൻ എംബസിയുമായി അപ്പപ്പോൾ ബന്ധപ്പെട്ട് കൂടുതൽ വിമാന സർവ്വീസുകളും മുംബൈയ് വരെ ഒരു സൗജന്യ കപ്പൽ സർവ്വീസും ഇവർക്കായി ഏർപ്പെടുത്തുകയുണ്ടായി. അയ്യായിരത്തിൽപ്പരം കേരളീയർക്ക് നേരിട്ട് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly